ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. ബി.2/12872/2014/റ്റി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ഒന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ്- 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ- tcoffice@keralamvd.gov.in ]

തീയതി, 28.07.2017.

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് —ഡബ്ല്യു.പി.(സി)7641/2014-ലേയും, അനുബന്ധ കേസുകളിലേയും വിധിന്യായം - നിർദ്ദേശങ്ങൾ നൽകുന്നത്— സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിലെ 28.03.2017-ലെ ഇതേ നമ്പർ കത്ത്.

ഡബ്ല്യു.പി.(സി)7641/2014-ലേയും, അനുബന്ധ കേസുകളിലേയും ബഹു. ഹൈക്കോടതിയുടെ 08.03.2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 01.04.2014 മുതൽ രജിസ്റ്റർ ചെയ്ത മോട്ടോർ ക്യാബ്/ടൂറിസ്റ്റ് മോട്ടോർ ക്യാബ് വാഹനങ്ങളിൽ, ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 വർഷത്തേയ്ക്ക് നികുതി അടച്ചവയിൽ നിന്ന് ബാക്കി 10 വർഷത്തെ നികുതി കൂടി സ്വീകരിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം, ഓരോ ഓഫീസിലും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും, എത്ര വാഹനങ്ങളിൽ നിന്ന് നികുതി തുക പിരിച്ചെടുത്തെന്നും എല്ലാം ഉള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു. ഇനിയും ബാക്കി നികുതി തുക അടയ്ക്കാത്ത വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമം എല്ലാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാവണമെന്നും, 30.09.2017-ന് മുമ്പായി പ്രസ്തുത വാഹനങ്ങളിൽ നിന്നുള്ള നികുതി പിരിവ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്:-
എല്ലാ ഡി.റ്റി.സി.മാർക്കും. ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ബാക്കി നികുതി തുക പിരിച്ചെടുക്കുന്നതിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തി, റിപ്പോർട്ട് സമർപ്പിക്കുക,

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

കെ.എസ്.